ലേഖനം

ഒ. സഫറുല്ല

# ഇസ്‌ലാമോഫോബിയ യൂറോപ്പിൽനിന്ന് ചില വാർത്തകൾ

ഏറ്റവും ഒടുവിൽ ഫ്രഞ്ച് പ്രസിഡന്റ് നിക്കോളാസ് സർക്കോസിയും പൊതുയിടങ്ങളിൽ ബുർഖ ധരിക്കുന്നത് വിലക്കാൻ ആഹ്വാനം ചെയ്യുകയുണ്ടായി. തട്ടം എന്ന ചിഹ്നത്തോടല്ല, മുസ്‌ലിം-ഇസ്‌ലാം മൂല്യവ്യവസ്ഥയോടു തന്നെയാണ് ഇവരുടെ പോരാട്ടം എന്ന് ഇതൊക്കെ തെളിച്ചുകാട്ടുന്നു.




**പടിഞ്ഞാറൻ** യൂറോപ്പിന്റെ സാമ്രാജ്യത്വ അധികാരത്തെ നീതീകരിക്കുന്ന, സാംസ്കാരിക മൂല്യങ്ങളെ ഉൽപാദിപ്പിക്കുന്ന രചനകളെപ്പറ്റി എഡ്വേർഡ് സെയ്ദ് തന്റെ *കൾച്ചർ ആന്റ് ഇംപീരിയലിസം* എന്ന ഗ്രന്ഥത്തിൽ സൂക്ഷ്മമായി വിശകലനം ചെയ്യുന്നുണ്ട്. ജോസഫ് കോൺറാഡ്, ചാൾസ് ഡിക്കൻസ്, ജെയ്ൻ ഓസ്റ്റിൻ, കമ്യൂ, ഇ.എം ഫോസ്റ്റർ തുടങ്ങിയവരുടെ കൃതികളിൽ അന്തർലീനമായ സാമ്രാജ്യത്വ കൊളോണിയൽ മൂല്യ പരികൽപനകളെയും ഇസ്‌ലാം വിരുദ്ധതയെയും അദ്ദേഹം വിചാരണ ചെയ്യുന്നുണ്ട്. ഈ യൂറോപ്യൻ അധിനിവേശ മനസ്സ് സാഹിത്യ രചനകളിൽ മാത്രമല്ല, സിനിമ പോലുള്ള ജനകീയ കലാരൂപങ്ങളിലും കാണാനാവും. ബഹുസ്വരതയെ ഉൾക്കൊള്ളാനാവാത്ത അപരിഷ്കൃതരായി മുസ്‌ലിംകളും ഇസ്‌ലാമും പ്രതിനിധാനം ചെയ്യപ്പെടുകയാണ് അവിടെ.

പ്രണയമെന്ന പ്രമേയത്തെയാണ് പലപ്പോഴും ഇത്തരത്തിൽ യൂറോപ്പിന്റെ സാംസ്കാരിക ഷോവനിസത്തിനു വേണ്ടി ദുരുപയോഗം ചെയ്യുന്നത്. ഫ്രാൻസിലെ വിഖ്യാത സംവിധായകൻ മാർക് ബാജികിന്റെ സിനിമയാണ് You and Me. മതത്തിന്റെ വേലിക്കെട്ടിനുള്ളിൽ പ്രണയം നഷ്ടമാവുന്നതാണ് സിനിമയുടെ പ്രമേയമെങ്കിലും, മുസ്‌ലിം ജീവിതരീതിയും സംസ്കാരവും ബഹുസ്വര സമൂഹത്തിനേൽപിക്കുന്ന പരിക്കിനെ കുറിച്ചാണ് സംവിധായകൻ സിനിമയിലുടനീളം വേവലാതിപ്പെടുന്നത്. ഫരീദും അര്യാനയുമാണ് കേന്ദ്ര കഥാപാത്രങ്ങൾ. പേരുകൾ സൂചിപ്പിക്കുന്നതുപോലെ ഫരീദ് മുസ്‌ലിമും അര്യാന

ക്രിസത്യാനിയുമാണ്. രണ്ടു പേരും പ്രണയത്തിലാവുന്നു. പ്രണയം സൃഷ്ടിക്കുന്ന മായാലോകത്ത് വിരാജിക്കുമ്പോഴും മുസ്‌ലിം ഉൽപാദിപ്പിക്കുന്ന അപരിഷ്‌കൃതിയുടെയും അസഹിഷ്ണുതയുടെയും ഭൂമികയിലൂടെയാണ് സിനിമ സഞ്ചരിക്കുന്നത്. ഫരീദിന് നായയെ ഇഷ്ടമല്ല. ഇത് ഫരീദിന്റെ സങ്കുചിത മതബോധമാണെന്ന് അര്യാന കുറ്റപ്പെടുത്തുന്നു. 'നായയെ വളർത്താത്തത് നിന്റെ മതത്തിൽ ഹറാമായതുകൊണ്ടല്ലേ' എന്ന് അവൾ ചോദിക്കുന്നുണ്ട്. പ്രണയത്തിനൊടുവിൽ അര്യാന മുസ്‌ലിമല്ലാത്തതിനാൽ ഫരീദ് അവളെ വിവാഹം കഴിക്കാൻ തയാറാവുന്നില്ല. എന്നാൽ ഇവർ രണ്ടു പേരും രതിയിൽ ഏർപ്പെടുന്നുണ്ട്. അതിന് ഫരീദിന് മതം വിലങ്ങാവുന്നില്ല. വിവാഹത്തിനാണ് അവൻ എതിര്. കാരണം ലളിതം. അവൾ ക്രിസ്ത്യാനിയാണ്. അവളാണെങ്കിലോ വിവാഹത്തിനു വേണ്ടി മതം മാറാൻ വരെ തയാർ. സിനിമ പറഞ്ഞുവെക്കുന്നത് ഇതാണ്: ക്രിസ്ത്യാനികൾക്ക് ബഹുസ്വര സമൂഹത്തിൽ ജീവിക്കാനറിയാം; മുസ്‌ലിംകൾക്ക് അതിന് കഴിയില്ല. അര്യാനയുടെ മതംമാറാനുള്ള സന്നദ്ധത പോലും ഫരീദ് തട്ടിമാറ്റുകയാണ്. വിവാഹം കഴിച്ച് അവളൊരുമിച്ച് ജീവിക്കാൻ അവൻ തയാറല്ല. കാരണം ഇസ്‌ലാം!

ഈ അടുത്ത മാസങ്ങളിലായി യൂറോപ്പിൽ ഉണ്ടായ ചില സംഭവങ്ങൾ ഈ പശ്ചാത്തലത്തിൽ വേണം ചർച്ചചെയ്യാൻ. മുസ്‌ലിമായ ഒരു പ്രതിനിധിസഭാംഗത്തിന്റെ വിവാഹചടങ്ങിൽനിന്ന് ബ്രിട്ടീഷ് മന്ത്രിയായ ജിം ഇറങ്ങിപ്പോയത് ഏറെ വിവാദമാവുകയുണ്ടായി. വിവാഹവിരുന്നിൽ സ്ത്രീകളെയും പുരുഷന്മാരെയും വേർതിരിച്ചു നിർത്തിയതാണ് ബ്രിട്ടീഷ് മന്ത്രിയെ ചൊടിപ്പിച്ചത്. അടുത്ത വർഷം നടക്കാനിരിക്കുന്ന പൊതുതെരഞ്ഞെടുപ്പിൽ തന്റെ സീറ്റ് ഉറപ്പിക്കുന്നതിനുവേണ്ടി വെളുത്തവരെ പ്രീണിപ്പിക്കാൻ നടത്തിയ നാടകമാണെന്നാണ് ഇതിനെ പറ്റി ചില ലിബറൽ വാദികൾ ന്യായം പറഞ്ഞത്. എന്നാൽ, യൂറോപ്പിന്റെ മനസ്സിലുള്ള വംശവിദ്വേഷം പുറത്തുവരുകയായിരുന്നു ഈ ബ്രിട്ടീഷ് മന്ത്രിയിലൂടെ. വംശീയ കാർഡിറക്കി കളിക്കാൻ പറ്റാത്ത മണ്ഡലമാണ് ഈ മന്ത്രിയുടേത് എന്നതാണ് യാഥാർഥ്യം. ജനസംഖ്യയിൽ ഏതാണ്ട് 35 ശതമാനം ബംഗ്ലാദേശീ മുസ്‌ലിംകൾ താമസിക്കുന്ന മണ്ഡലത്തിൽനിന്നാണ് അദ്ദേഹം കഴിഞ്ഞ തവണ തെരഞ്ഞെടുക്കപ്പെട്ടത്. യൂറോപ്പിലെ തന്നെ ചില ജൂത വിവാഹ ചടങ്ങുകളിലും സ്വകാര്യ ചടങ്ങുകളിലും ഈ തരത്തിലുള്ള ആരോഗ്യകരമായ ലിംഗ വേർതിരിവുകൾ ധാരാളം. അത്തരം സന്ദർഭങ്ങളിലൊന്നും പ്രകടിപ്പിക്കാത്ത അനിഷ്ടം മുസ്‌ലിം വിവാഹ ചടങ്ങിനോട് വെച്ചുപുലർത്തുന്നത് ഏതായാലും സ്ത്രീ പുരോഗമനവാദം തലക്കുകയറിയതുകൊണ്ടല്ലെന്ന് തീർച്ച. ഇത് യൂറോ കേന്ദ്രിത ഇസ്‌ലാമോഫോബിയയല്ലാതെ മറ്റൊന്നുമല്ലതന്നെ.

സ്വിറ്റ്സർലന്റിൽ ഇപ്പോൾ ശക്തിപ്പെട്ടുവരുന്ന പള്ളിമിനാരങ്ങൾക്കെതിരെയുള്ള കാമ്പയിൻ ശ്രദ്ധിക്കുക. എല്ലാ പള്ളികളുടെയും മിനാരങ്ങൾ നീക്കം ചെയ്യണമെന്നാണ് തീവ്ര വലതുപക്ഷാഭിമുഖ്യം പുലർത്തുന്ന കാമ്പയിൻ നടത്തിപ്പുകാരുടെ പ്രധാന ആവശ്യം. ഈ ആവശ്യം മുൻനിർത്തി അടുത്ത നവംബറിൽ ഹിതപരിശോധന നടത്തണമെന്നാവശ്യപ്പെട്ട് ഒരു ലക്ഷം പേർ ഒപ്പിട്ട ഒരു മെമ്മോറാണ്ടം മിനാരവിരുദ്ധ പ്രക്ഷോഭകർ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. പള്ളി മിനാരങ്ങളെ ഇസ്‌ലാമിക അധികാരത്തിന്റെ ചിഹ്നമായും പ്രതീകമായുമാണ് ഇക്കൂട്ടർ വിലയിരുത്തുന്നത്. സ്വിസ് ജീവിത ബഹുസ്വരതയിലേക്ക് അസഹിഷ്ണുതയുടെ പ്രതീകമായ ഇസ്‌ലാമികാശയങ്ങളുടെ കടന്നുകയറ്റമായിട്ടാണ് മിനാരങ്ങളെ ഇവർ നോക്കിക്കാണുന്നത്.

സ്വിസ് മുസ്‌ലിംകൾ ഈ കാമ്പയിനെ കാണുന്നത്, പള്ളികൾ തന്നെ ഇല്ലാതാക്കാനുള്ള നിഗൂഢ പദ്ധതിയുടെ ഭാഗമായിട്ടാണ്. 'ഇന്ന് പള്ളി മിനാരങ്ങൾക്കെതിരെ, നാളെ പള്ളി തന്നെ ഇല്ലാതാകും'- ഒരു മുസ്‌ലിം നേതാവ് അഭിപ്രായപ്പെട്ടു.

ഫ്രാൻസിലെ ഒരു സർക്കാർ സ്കൂളിൽ ഒരു മുസ്‌ലിം പെൺകുട്ടി തട്ടമിട്ട് ക്ലാസ്സിൽ ഹാജരായതും വിവാദമായിരുന്നല്ലോ. ഫ്രാൻസ് മതേതര രാഷ്ട്രമാണെന്നും മതപരമായ വേഷങ്ങൾ മതേതര സ്കൂളിൽ പാടില്ലെന്നുമായിരുന്നു തട്ടവിരോധികളുടെ വാദം. കുട്ടിയെ ക്ലാസ്സിൽനിന്നും പുറത്താക്കി. മതചിഹ്നങ്ങളും അടയാളങ്ങളും സർക്കാർ കലാലയങ്ങളിൽ അനുവദിച്ചുകൂടെന്നായിരുന്നു അധികൃതരുടെ പക്ഷം. വിവാദനായികയായിത്തീർന്ന കുട്ടിയുടെ വാദം പ്രസക്തമായിരുന്നു. 'പല വിദ്യാർഥികളും ക്ലാസിൽ ഹാജരാവുന്നത് കുരിശുമാല ധരിച്ചാണ്. കുരിശുമാല മതചിഹ്നമല്ലേ? അവർക്കതാവാമെങ്കിൽ എനിക്കെന്തുകൊണ്ട് പാടില്ല?' സ്കൂൾ അധികാരികൾ കുഴഞ്ഞു. കുരിശുമാല ധരിക്കുന്നത് അലങ്കാരമായിട്ടാണ്, മതചിഹ്നമായിട്ടല്ല എന്ന വാദത്തെ പെൺകുട്ടി നേരിട്ടത് യുക്തിഭദ്രമായിട്ടായിരുന്നു: 'എന്നാൽ തട്ടവും അലങ്കരമാണ്.' പള്ളിയുമായി സകല ബന്ധവും വിഛേദിച്ച്, മതേതര ജനാധിപത്യ ലിബറൽ മൂല്യങ്ങളുടെ സ്വയം പ്രഖ്യാപിത ഏജന്റുമാരായ ഫ്രാൻസിലും ഒട്ടുമിക്ക യൂറോപ്യൻ രാജ്യങ്ങളിലും ക്രൈസ്തവതയുടെ അടയാളങ്ങൾ പൊതുജീവിതത്തിന്റെ ഭാഗമാണ്. ഏറ്റവും ഒടുവിൽ ഫ്രഞ്ച് പ്രസിഡന്റ് നിക്കോളാസ് സർക്കോസിയും പൊതുയിടങ്ങളിൽ ബുർഖ ധരിക്കുന്നത് വിലക്കാൻ ആഹ്വാനം ചെയ്യുകയുണ്ടായി. തട്ടം എന്ന ചിഹ്നത്തോടല്ല, മുസ്‌ലിം-ഇസ്‌ലാം മൂല്യവ്യവസ്ഥയോടു തന്നെയാണ് ഇവരുടെ പോരാട്ടം എന്ന് ഇതൊക്കെ തെളിച്ചുകാട്ടുന്നു.

ഈയിടെയുണ്ടായ താരിഖ് റമദാനുമായി ബന്ധപ്പെട്ട വിവാദം യൂറോപ്പിന്റെ നിഗൂഢ താൽപര്യങ്ങളെ മറനീക്കി പുറത്തുകൊണ്ടുവരുന്നുണ്ട്. യൂറോ-ഇസ്‌ലാം ബന്ധത്തിന്റെ സാംസ്കാരിക അംബാസഡറായി യൂറോപ്പ് തന്നെ വിശേഷിപ്പിച്ച, മിതവാദി മുസ്‌ലിമായി യൂറോപ്പ് കൊണ്ടാടുന്ന എഴുത്തുകാരനും സംവാദകനുമായ താരിഖ് റമദാനെ ഡച്ച് നഗരമായ റോട്ടർഡാമിലെ ഉദ്ഗ്രഥന സമിതിയുടെ ഉപദേശകസമിതിയിൽനിന്നും ഇറാസ്മസ് സർവകലാശാലയിലെ മതവിഷയത്തിന്റെ വിസിറ്റിംഗ് ലക്ചറർ പദവിയിൽനിന്നും ഒരേസമയം പുറത്താക്കിയത് ലോകത്തെ ഞെട്ടിച്ചു. യൂറോപ്പ് തന്നെ, അദ്ദേഹത്തെ വിശേഷിപ്പിച്ചത് 'ഇസ്‌ലാമിലെ മാർട്ടിൻ ലൂഥർ കിംഗ്' എന്നായിരുന്നു.

തീവ്രവാദത്തെയും ഭീകരതയെയും തുറന്നെതിർക്കുന്ന ഈ ചിന്തകൻ, ഇസ്‌ലാംവിരുദ്ധത ദേശീയ കാഴ്ചപ്പാടായി അംഗീകരിച്ച നെതർലന്റ് ഭരണകൂടത്തിന് അനഭിമതനായതിൽ ആശ്ചര്യമില്ല. ഇറാൻ സർക്കാറിന്റെ അധീനതയിൽ ലണ്ടനിൽനിന്ന് പ്രക്ഷേപണം ചെയ്യുന്ന ഇംഗ്ലീഷ് ചാനലായ *പ്രസ് ടിവി*യിൽ റമദാൻ അവതാരകന്റെ വേഷത്തിൽ പ്രത്യക്ഷപ്പെട്ടതാണ് ഡച്ചുകാരെ ചൊടിപ്പിച്ചത്. ഇറാൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിഷയത്തിൽ അവതാരകനെന്ന നിലയിൽ ഡച്ച് ജനതയുടെ

വികാരം മാനിച്ചില്ലത്രെ! ഇറാനിൽ നടന്ന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ജനാധിപത്യ രീതിയിലുള്ള എല്ലാ പ്രക്ഷോഭങ്ങളെയും താൻ അംഗീകരിച്ചിരുന്നുവെന്നും തിരിച്ചുള്ള വാദങ്ങൾ തെറ്റാണെന്നും കഴിഞ്ഞ നൂറ്റാണ്ടിലെ ഇസ്‌ലാമിക നവോത്ഥാന നായകരിൽ പ്രമുഖനായ ഹസനുൽ ബന്നായുടെ ഈ പൗത്രൻ സാക്ഷ്യപ്പെടുത്തുന്നു. ഇസ്‌ലാമോഫോബിയ വടുകെട്ടിയ യൂറോപ്പിന്റെ മനസ്സിനെ ഈ വിശദീകരണം തൃപ്തിപ്പെടുത്താതിരുന്നത് സ്വാഭാവികം മാത്രം.

ഒരുകാലത്ത് യൂറോപ്പ് എങ്ങനെയാണോ ജൂതരെ വേട്ടയാടിയത് അതേ അനുഭവമാണ് മുസ്‌ലിംകൾ നേരിടുന്നതെന്ന് അഭിപ്രായപ്പെടുന്നത് യൂറോപ്യൻ ചിന്തകർ തന്നെയാണ്. യൂറോപ്പിനെ മുസ്‌ലിംകൾ യുറേബ്യ(Eurabia) ആക്കുകയാണെന്ന വലതുപക്ഷ പ്രചാരണവും ശക്തിപ്പെടുന്നു. 53 മില്യൻ മുസ്‌ലിംകൾ യൂറോപ്പിന്റെ പ്രധാന മതവിഭാഗമാണെന്നും ഇനിയും മുസ്‌ലിം ജനസംഖ്യ വർധിച്ചുകഴിഞ്ഞാൽ യൂറോപ്പ് അവരുടെ അധീനതയിലാവുമെന്നുമാണ് പ്രചാരണം. 'മുസ്‌ലിമിനെ പുറത്താക്കുക, യൂറോപ്പ് സ്വതന്ത്രമാവട്ടെ' -ചിലർ സെർബ് മോഡൽ വംശശുദ്ധീകരണത്തിനു വരെ ആഹ്വാനം ചെയ്യുന്നുണ്ട്. ഈ പ്രചാരണങ്ങൾക്കിടയിലും യൂറോപ്പിൽ ഇസ്‌ലാം വളരുകയാണ്; സത്യത്തിന്റെ, സ്നേഹത്തിന്റെ, സഹിഷ്ണുതയുടെ ഉജ്ജ്വല മാതൃകകൾ തീർത്തുകൊണ്ട്. ■